**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4551** **10-08-2021 - ൽ മറുപടിയ്ക്ക്**

**പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. പി. ടി. തോമസ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യമുണ്ടായാൽ ഇത് തടയുന്നതിനായി വയോജന നിയമത്തിലോ നയത്തിലോ എന്തെങ്കിലും മാറ്റം കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യമുണ്ടായാൽ നിലവിൽ Maintenance and Welfare of Parents and Senior Citizens Act 2007 ന്റെയും, Kerala Maintenance and Welfare of Parents and Senior Citizens Rule 2009 ന്റെയും അടിസ്ഥാനത്തിലാണ് നിയമനടപടികൾ സ്വീകരിച്ചുവരുന്നത്. 2007 ലെ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ തലത്തിൽ നടക്കുന്നുണ്ട്. |
| (ബി) | പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ; | (ബി) | പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാവുന്നത്. 2007 ലെ MWPSC ആക്ട് പ്രകാരം സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യത്തിൽ ഇവരെ സംരക്ഷിക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | സംരക്ഷണം ആവശ്യമുള്ള വയോജന-ങ്ങൾക്കായി ഗവ.വൃദ്ധമന്ദിരങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നല്കുന്ന 132 സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലും സംരക്ഷണം ആവശ്യമുള്ള വയോജനങ്ങളെ സംരക്ഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. Maintenance and Welfare of Parents and Senior Citizens Act 2007 സെക്ഷൻ 9 പ്രകാരം മാതാപിതാക്കളുടെ സംരക്ഷണത്തിനായി പ്രതിമാസ നിരക്കിൽ പ്രതിമാസ ബത്ത ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി മുതിർന്ന പൗരന് നൽകാൻ ഉത്തരവിടാവുന്നതാണ്.
2. Maintenance and Welfare of Parents and Senior Citizens Act 2007 സെക്ഷൻ 5 (8) പ്രകാരം മാതാപിതാക്കളുടെ സംരക്ഷണത്തിനായി പുറപ്പെടുവിച്ച ഉത്തരവ് അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ബന്ധപ്പെട്ടവർക്ക് തടവ് ശിക്ഷ ഉൾപ്പെടെ നല്കാൻ ഉത്തരവിടാവുന്നതാണ്.
3. Maintenance and Welfare of Parents and Senior Citizens Act 2007 സെക്ഷൻ 23 പ്രകാരം മുതിർന്നവരുടെ പൂർണ്ണ സംരക്ഷണം ഏറ്റെടുക്കുമെന്ന വ്യവസ്ഥയിൽ ഇഷ്ടദാനമായി നല്കിയ വസ്തു വ്യവസ്ഥകൾ പാലിക്കാത്തപക്ഷം പ്രസ്തുത വസ്തുകൈമാറ്റം വഞ്ചനയാലോ, ബലാൽക്കാരത്താലോ, അനുചിതമായ സ്വാധീനത്താലോ നടത്തിയതായി കരുതപ്പെടേണ്ടതും കൈമാറ്റം ചെയ്ത നടപടി അസാധുവായി പ്രഖ്യാപിക്കാവുന്നതുമാണ്.
4. മുതിർന്ന പൗരന്മാരെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശത്തോടെ ഏതെങ്കിലും സ്ഥലത്ത് വിട്ടിട്ടുപോകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവരെ 3 മാസം വരെയാകുന്ന കാലയളവിലേയ്ക്ക് തടവോ, അയ്യായിരം രൂപ വരെയാകുന്ന പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാൻ Maintenance and Welfare of Parents and Senior Citizens Act 2007 സെക്ഷൻ 24 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.